# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *214 07.12.2018 ലെ മറുപടി

## വേമ്പനാട് കായലിന്റെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വേമ്പനാട് കായലിന്റെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കമോ; | (എ) കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി പദ്ധതി സമർപ്പിച്ചിട്ടുണ്ട്. വേമ്പനാട് കായലിന്റെ (ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ആക്ഷൻ പ്ലാൻ) അംഗീകരിച്ച് കേന്ദ്ര വിഹിതമായ (60%) 84.45 ലക്ഷം രൂപ ആദ്യ വർഷ ഗഡുവായി അനുവദിക്കുകയും, സംസ്ഥാന വിഹിതമായ (40%) 56.30 ലക്ഷം രൂപയും ചേർത്ത് വേമ്പനാട് കായലിന്റെ സംരക്ഷണത്തിനും പ രിപാലനത്തിനുമായി ആകെ 140.75 ലക്ഷം രൂപ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റിക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) കുട്ടനാട് പാക്കേജ് പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (ബി) കുട്ടനാടിന്റെ പരിസ്ഥിതിക്ക് ഹാനികരമാകാതെ കാർഷിക മേഖലയെ ശക്തിപ്പെടുത്തി ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ ഡോ.എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ 2007 ൽ കേന്ദ്ര സർക്കാരിനു നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കുട്ടനാട് പാക്കേജ് ആരംഭിച്ചത്. 13-)0 ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 39.08 കോടി രൂപയും, ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 137.954 കോടി രൂപയും ഉൾപ്പെടെ ആകെ 177.034 കോടി രൂപ മാത്രമാണ് കേന്ദ്രഗവൺമെന്റിൽ നിന്നും നാളിതുവരെ ഈ പദ്ധതിക്ക് ലഭിച്ചിട്ടുള്ളത്. കുട്ടനാട് പാക്കേജിൽ 7 സ്കീമുകളാണ് നടപ്പിലാക്കുന്നത്. ഇതിൽ 4 സ്കീമുകൾക്ക് (കെ.ഇ.എൽ-1, കെ.ഇ.എൽ-2, കെ.ഇ.എൽ-3, കെ.ഇ.എൽ-4) കേന്ദ്രാനുമതി ലഭിച്ചു. 3 സ്കീമുകൾക്ക് അനുമതി ലഭിച്ചിട്ടില്ല. ഇവ തണ്ണീർമുക്കം ബാരേജിന്റെ നവീകരണം, |

തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണം, കുട്ടനാട് താലൂക്കിലെ പാടശേഖരങ്ങളുടെ പുറം ബണ്ട് നിർമ്മാണം എന്നിവയാണ്. അതനുസരിച്ച് എം.എസ് സ്വാമിനാഥൻ കമ്മീഷൻ ശുപാർശ പ്രകാരം ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു. കൂടാതെ 13-)0 ധനകാര്യകമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി 3 സ്കീമുകൾ പൂർത്തീകരിച്ചു.

(സി) മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതിനായി ജലവിഭവ വകുപ്പ് എന്തെല്ലാം പഠനങ്ങൾ നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തുവെന്ന് വിശദമാക്കാമോ?

(സി) മുല്ലപെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം പെരിയാർ ടൈഗർ റിസർവ്വ് മേഖലയിൽ ആയതിനാൽ പരിസ്ഥിതി, വനം, വന്യജീവി, കടുവ സംരക്ഷണ അതോറിറ്റി എന്നിവയുടെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്.

പരിസ്ഥിതി ആഘാത പഠനത്തിനുവേണ്ടിയുള്ള ToR(Terms of Reference) ന്റെ അംഗീകാരത്തിനുവേണ്ടി 25-08-2018 ൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിലേക്ക് അപേക്ഷ സമർപ്പിച്ചു. Expert Appraisal Committee (EAC) യുടെ 27-09-2018 -ൽ കൂടിയ 18 ാം മതു മീറ്റിംഗിൽ പ്രസ്തുത proposal പരിഗണിക്കുകയും അധികമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ToR അംഗീകരിക്കുന്നതിന് കമ്മറ്റി ശുപാർശ ചെയ്തിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 14.11.2018 ലെ കത്ത് പ്രകാരം EAC കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ച് കത്ത് നൽകിയിട്ടുണ്ട്. പരിസ്ഥിതി അനുമതിക്ക് തമിഴ്.നാടുമായുള്ള ഉഭയകക്ഷി സമ്മതം സമർപ്പിക്കണം എന്ന നിബന്ധന നിലനിൽക്കുന്നുണ്ടെങ്കിലും EIA (പരിസ്ഥിതി ആഘാത പഠനം) പഠനം തുടരാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

## എം.എസ്.സ്വാമിനാഥൻ കമ്മീഷൻ ശുപാർശ ചെയ്ത് നടപ്പിലാക്കിയ പ്രവൃത്തികൾ

| കൃത്യം നം. | പ്രവൃത്തിയുടെ പേര് | നിലവിലെ അവസ്ഥ | റിമാർക്സ് |
|---|---|---|---|
| 2.1 | തണ്ണീർമുക്കം ബാരേജിന്റെ നവീകരണം | വേമ്പനാട് കായൽ വഴി ഉപ്പുവെള്ളം കുട്ടനാട്ടിൽ എത്തുന്നത് തടയുവാനാണ് തണ്ണീർമുക്കം ബാരേജ് നിർമ്മിച്ചിട്ടുള്ളത്. 1405 മീറ്റർ നീളമുള്ള ബാരേജിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾ 1975 ൽ പൂർത്തീകരിക്കുകയും മൂന്നാംഘട്ടം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുകയും ചെയ്തു. സിവിൽ വർക്കുകൾ 91.35 ശതമാനം പൂർത്തീകരിച്ചു. മൂന്നാംഘട്ടത്തിന്റെ ഭാഗമായുള്ള മൺചിറ നീക്കം ചെയ്യുന്നതായ പണികൾ മാത്രമാണ് പൂർത്തീകരിക്കുവാനുള്ളത്. മെക്കാനിക്കൽ പ്രവൃത്തികൾ 99% പൂർത്തീകരിക്കുകയും ഇലക്ട്രിക്കൽ പ്രവൃത്തികൾ 72 ശതമാനം പൂർത്തീകരിക്കുകയും ചെയ്തു. | |
| 2.2 | തോട്ടപ്പള്ളി സ്പിൽവേയുടേയും ലീഡിംഗ് ചാനലിന്റെയും നവീകരണം | പഴയ ഷട്ടറുകൾ മാറ്റി സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിച്ചു. സ്പിൽവേക്ക് മുകളിലുള്ള ലീഡിംഗ് ചാനൽ 300 മീ. ഭാഗത്ത് ഡ്രഡ്ജിംഗ് പൂർത്തീകരിച്ചു. | വീയപുരം മുതൽ തോട്ടപ്പള്ളി സ്പിൽവേ വരെയുള്ള 10 കി.മി നീളത്തിൽ ലീഡിംഗ് ചാനലിന്റെ വീതിയും ആഴവും കൂട്ടി നവീകരിക്കേണ്ടതുണ്ട്. |
| 2.3 | കുട്ടനാടൻ മേഖലയിലെ സി.ഡി. ബ്ലോക്ക് ഉൾപ്പെട്ട കായൽ നിലങ്ങളുടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളും കൊച്ചാർ തുറക്കുന്ന പ്രവൃത്തിയും | പ്രവൃത്തി പൂർത്തീകരിച്ചു. | |
| 2,4 | എ.സി കനാലിന്റെ നവീകരണവും തടസ്സങ്ങൾ നീക്കലും | മനക്കച്ചിറ മുതൽ ഒന്നാംകര വരെയുള്ള ഒന്നാം റീച്ചിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചു. | പള്ളാത്തുരുത്തി വരെയുള്ള രണ്ടും മൂന്നും റീച്ചുകൾ പൂർത്തീകരിക്കുവാനുണ്ട്. (ലാന്റ് അക്വസിഷൻ ഉൾപ്പെടെ) |
| 8 | വെള്ളപ്പൊക്ക നിവാരണം പുറംബണ്ടുകളുടേയും അനുബന്ധ പ്രവൃത്തികളായ മോട്ടോർത്തറ, ഷെഡ് എന്നിവയുടെ നവീകരണവും | കെ.ഇ.എൽ-1, കെ.ഇ.എൽ-2 കെ.ഇ.എൽ-3 എന്നീ സ്കീമുകളിൽ ഉൾപ്പെട്ട പ്രവൃത്തികളും കുട്ടനാട് താലൂക്കിലെ 51 പാടശേഖരങ്ങളുടേയും പ്രവൃത്തികൾ പൂർത്തീകരിച്ചു. | അവശേഷിക്കുന്ന പാടശേഖരങ്ങളിലെ പ്രവൃത്തികൾ പുർത്തീകരിക്കുവാനുണ്ട്. |

| | | | |
|---|---|---|---|
| 8.1 | ഓണാട്ടുകര മേഖലയിലെ 12 നീർത്തടങ്ങളുടേയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളും തുറവൂർ, പട്ടണക്കാട് പ്രദേശങ്ങളിലെ നാശോന്മുഖമായ റഗുലേറ്ററുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും | കെ.ഇ.എൽ 4 ഓണാട്ടുകര മേഖലയിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചു | |
| 8.17 | ഓരുമുട്ടുകളുടെ നിർമ്മാണം കരിയാർ നദിക്കുകുറുകെ കട്ടച്ചിറയിൽ സ്ഥിരം ഓരുമുട്ടു നിർമ്മാണം | കരിയാർ റെഗുലേറ്റർ കംബ്രിഡ്ജ് പൂർത്തീകരിച്ചു. | |